പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 208

02/03/2020 ൽ മറുപടി നല്കേണ്ടത്.

## എറണാകുളം ജനറൽ ആശുപത്രിയിലെ വികസന പദ്ധതികൾ

ചോദ്യം

**ശ്രീ.എം. സ്വരാജ്**

ഉത്തരം

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കാമോ; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

1. സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം നിർമ്മിക്കുന്നതിന് 76,17,49,372 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
2. നൂതന ക്യാൻസർ ചികിത്സക്കുള്ള ലീനിയർ ആക്സിലേറ്റർ മെഷീൻ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.
3. ഹൃദ്രോഗ ചികിത്സയ്ക്കായി പുതിയ കാത്ത് ലാബ് കെ.എം.എസ്.സി.എൽ മുഖേന സ്ഥാപിച്ചിട്ടുണ്ട്.
4. ഗൈനക്കോളജി വിഭാഗത്തിനായി ഹൈ ഡിപ്പന്റൻസി യൂണിറ്റ് നവീകരണം നടത്തുകയും പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു. (ഉപകരണങ്ങൾ വാങ്ങാൻ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ മുഖേന 30 ലക്ഷം രൂപയും. നൽകിയിട്ടുണ്ട്.
5. പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശ്രീ.സച്ചിൻ ടെണ്ടുൽക്കർ എം.പി 25 ലക്ഷം രൂപ അനുവദിച്ചു.

6. പുതിയ ഫിസിക്കൽ മെഡിസിൻ വാർഡിന് എം.എൽ.എ ശ്രീ. ഹൈബി ഈഡൻ 80 ലക്ഷം രൂപ അനുവദിച്ചു.
7. പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ പണി പുരോഗമിക്കുന്നു.
8. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
9. ബേൺസ് കെയർ യൂണിറ്റിന് കെ.എം.എസ്.സി എൽ, ദേശീയ ആരോഗ്യ ദൗത്യം മുഖേന 231.27333 ലക്ഷം രൂപ അനുവദിച്ചു.
10. മൈക്രോബയോളജി ലാബിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 21 ലക്ഷം രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ